കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി3/1331/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഫോൺ: 0477-2252753

ഇ-മെയിൽ: ddhglfalpy@gmail.com

തീയതി.17.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്- 2015 - 16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി3/1331/16 തീയതി.17.11.2016.

## ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത്

## 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.04.2016 മുതൽ 31.10.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 3.11.2016മുതൽ 15.11.2016 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീ.റോയ്.ടി.എം.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ജാക്വലീൻ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി.പി.എ.ജൂമൈലത്ത് | 01.04.2014മുതൽ<br>02.10.2015 വരെ |
| 2 | ശ്രീമതി. തങ്കമണി ഗോപിനാഥ് | 19.11.2015മുതൽ<br>31.03.2016 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. കെ.എസ്.ലാൽജി | 01.04.2014മുതൽ 25.07.2015 വരെ |
| 2 | ശ്രീ. സി.കെ .ഷിബു | 26.07.2015മുതൽ 31.03.2016 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.പി.രഘുനാഥ്<br>ശ്രീമതി. മഞ്ജു രതികുമാർ | 01.04.2014മുതൽ<br>02.10.2015 വരെ<br>19.11.2015മുതൽ<br>31.03.2016 വരെ |
| 2 | വികസന കാര്യം | ശ്രീമതി. സുജാത രാജപ്പൻ<br>ശ്രീ.സന്തോഷ്.എം.എസ് | 01.04.2014മുതൽ<br>02.10.2015 വരെ<br>19.11.2015മുതൽ<br>31.03.2016 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.സി.കെ.രതികുമാർ<br>ശ്രീമതി. സന്ധ്യാ ശശിധരൻ | 01.04.2014മുതൽ<br>02.10.2015 വരെ<br>19.11.2015മുതൽ<br>31.03.2016 വരെ |

| | | | |
|---|---|---|---|
| 4 | ആരോഗ്യ കാര്യം<br>വിദ്യാഭ്യാസ കാര്യം | ശ്രീമതി.നദീറ ബഷീർ<br>ശ്രീ. നവാസ് | 01.04.2014മുതൽ 02.10.2015 വരെ<br>19.11.2015മുതൽ 31.03.2016 വരെ |

4)മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.സാനി ജോർജ്ജ്<br>ശ്രീമതി. അനിത | 01.04.2015മുതൽ 10.06.2015വരെ<br>11.06.2015മുതൽ 31.03.2016വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.സുരേഷ്.പി. പണിക്കർ | 01.04.2015മുതൽ 31.03.2016വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷീല ദേവസ്യ<br>ശ്രീമതി. സ്വപ്ന സലിം | 01.04.2015മുതൽ 10.08.2015വരെ<br>11.08.2015മുതൽ 31.03.2016വരെ |
| 4 | വി.ഇ.ഒ, കണക്കൂർ | ശ്രീ.എ.ജെ.ഷാജി<br>ശ്രീമതി. പ്രസീദ.കെ.എസ് | 01.04.2015മുതൽ 09.03.2016വരെ<br>10.03.2016മുതൽ 31.03.2016വരെ |
| 5 | വി.ഇ.ഒ, മണ്ണഞ്ചേരി | ശ്രീ.ടി.എം.ദിനി.<br>ശ്രീ.ഹരികുമാർ (ചാർജ്) | 01.04.2014മുതൽ 16.09.2015 വരെ<br>17.09.2015മുതൽ 31.03.2016വരെ |
| 6 | വി.ഇ.ഒ, (എച്ച്.ക്യൂ) | ശ്രീ.ഹരികുമാർ | 01.04.2015മുതൽ 31.03.2016 വരെ |

| | | | |
|---|---|---|---|
| 7 | പ്രധാനാദ്ധ്യാപിക എൽ.പി.എസ് | ശ്രീമതി. കല്പനാദേവി | 01.04.2015മുതൽ<br>31.03.2016വരെ |
| 8 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മണ്ണഞ്ചേരി | ഡോ.ജോ മാർട്ടിൻ കുഞ്ചറിയ<br>ഡോ. സിമി.എം.ടി | 01.04.2015മുതൽ<br>28.07.2015 വരെ<br>28.07.2015മുതൽ<br>31.03.2016 വരെ |
| 9 | അസി. എഞ്ചിനീയർ | ശ്രീ. ശിവകുമാർ<br>ശ്രീ. എം.എൻ. ഹരിചന്ദ്രൻ | 01.04.2015മുതൽ<br>18.06.2015 വരെ<br>18.06.2015മുതൽ<br>31.03.2016 വരെ |
| 10 | മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.ജയശ്രീ | 01.04.2015മുതൽ<br>31.03.2016വരെ |
| 11 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി. ലീന ഡെന്നീസ് | 01.04.2015മുതൽ<br>31.03.2016വരെ |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സലില | 01.04.2015മുതൽ<br>31.03.2016വരെ |
| 13 | അസി. സെക്രട്ടറി | ശ്രീ.പി.സി.ബിനോയി<br>ശ്രീമതി. ഗീതാകുമാരി | 01.04.2015മുതൽ<br>11.03.2016 വരെ<br>11.03.2016 മുതൽ<br>31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം-2 | | |
| 12 | മൊബൈൽ ടവറുകളുടെ വസ്തു നികുതി | 2-1 |
| 13 | വിമുക്തഭടന്മാരുടെ വസ്തു നികുതി ഇളവ്-നടപടിക്രമങ്ങൾ സംബന്ധിച്ച രേഖകളില്ല | 2-2 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-3 |
| 15 | കുറഞ്ഞ വാടക ഈടാക്കുന്നത് സംബന്ധിച്ച് | 2-4 |
| 16 | പെട്രോൾ പമ്പിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 2-5 |
| 17 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല | 2-6 |
| ഭാഗം-3 | | |
| 18 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - പദ്ധതി പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തത് സംബന്ധിച്ച് | 3-1 |
| 19 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി - നിയമാനുസൃത നികുതികൾ ഈടാക്കിയില്ല | 3-2 |

| | | |
|---|---|---|
| 20 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല | 3-3 |
| 21 | ജീവനക്കാരുടെ സ്ഥലംമാറ്റ ഇടവേളകളിൽ താല്ക്കാലിക ജീവനക്കാരെ ക്രമവിരുദ്ധമായി നിയമിക്കുന്നു | 3-4 |
| 22 | പകൽ വീട് ഇലക്ട്രിഫിക്കേഷൻ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-5 |
| 23 | പൊതുടാപ്പുകളുടെ വെള്ളക്കരം - ടാപ്പുകളുടെ എണ്ണം സംബന്ധിച്ച രേഖകളില്ല | 3-6 |
| 24 | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കാലിത്തൊഴുത്ത് നിർമ്മാണം - പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചില്ല | 3-7 |
| 25 | സമഗ്ര നാളികേര കൃഷി -ഗുണഭോക്താക്കൾക്ക് സബ്സിഡി തുക നൽകിയതിന്റെ രേഖകൾ ഹാജരാക്കാത്തതു സംബന്ധിച്ച് | 3-8 |
| 26 | പാലിയേറ്റീവ് കെയർ പദ്ധതി - അപാകതകൾ | 3-9 |
| ഭാഗം-4 | | |
| 27 | വാർഷിക കണക്ക് പരിശോധന – അപാകതകൾ | 4-1 |

| | | |
|---|---|---|
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.03.15 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 186714500 | 186340500 |
| വാർഷിക കണക്ക് പ്രകാരം | 69898742 | 83896510 |

2015-16 വർഷത്തെ അംഗീകരിച്ച ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ വരവിൽ 116815758/-രൂപയുടേയും ചെലവിൽ 102443990/-രൂപയുടേയും വ്യത്യാസം കാണുന്നു.

ദീർഘ വീക്ഷണത്തോടുകൂടി ബജറ്റ് തയ്യാറാക്കത്തതിന്റെ പ്രതിഫലനമാണിത്. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 12.7.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 44385867 |
| വരവ് | 69898742 |
| ആകെ | 114284609 |
| ചെലവ് | 83896510 |
| നീക്കിയിരിപ്പ് | 30388099 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ടി.സി തുക | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 3281819 | 13259447 | 6420664 | 22961930 | 22961930 | 0 |
| എസ്.സി.പി. | 1722272 | 3170949 | (-)1403211 | 3490010 | 3490010 | 0 |
| ടി.എസ്.പി. | 154410 | 23950 | (-)96060 | 82300 | 82300 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 446760 | 4446323 | -- | 4893083 | 4893083 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1280420 | 3068843 | -- | 4349263 | 4349263 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4011517 | 9670172 | (-)785898 | 12895791 | 12895791 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 6225000 | 4116078 | (-)4135495 | 6205583 | 6205583 | 0 |
| എ.എൻ.ആർ. ഇ. ജി.എസ്. | 134675 | 730844 | -- | 865519 | 859070 | 6449 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | 0 | 2346321 | -- | 2346321 | 2346321 | 0 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 266 | 97523789 | 203 | 61252549 | 6 | 57 | 76 |

1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 2.29ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6861061 | 5563080 | (-)1297981 | (-)19 |
| നികുതിയേതര വരവുകൾ | 935334 | 2498485 | (+)1563151 | (+)167.12 |
| മറ്റ് വരവുകൾ | 826920 | 363636 | (-)463284 | (-)56 |
| ആകെ | 8623315 | 8425201 | (-)198114 | (-)2.29 |

മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തനത് വരുമാനം കണക്കാക്കിയതിൽ അപാകതയുള്ളതിനാൽ 2014-15 വർഷത്തെ വാർഷിക കണക്ക് വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് മാറ്റം വരുത്തിയിട്ടുള്ളത്.

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1776000 | 616 |
| കർഷകതൊഴിലാളി പെൻഷൻ | 6668970 | 982 |
| വിധവാപെൻഷൻ | 11625320 | 1310 |
| വാർദ്ധക്യകാലപെൻഷൻ | 23306640 | 4546 |
| വികലാംഗപെൻഷൻ | 6386925 | 715 |
| അവിവാഹിതപെൻഷൻ | 931840 | 162 |

| | | |
|---|---|---|
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 540000 | 18 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.11.2016ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 107010/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് അപാകതകളുള്ളതായി കാണുന്നു. പ്രധാന തനതു വരുമാനമായ കെട്ടിട നികുതി സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല (സഞ്ചയ സോഫ്റ്റ് വെയർ പ്രകാരവും കൃത്യമായ രീതിയിൽ തയ്യാറാക്കിയിട്ടില്ല). ഡി ആന്റ് ഒ രജിസ്റ്റർ, വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് എന്നിവയും കൃത്യമായി തയ്യാറാക്കിയിട്ടില്ല. തെരുവ് വിളക്കുകൾ, പൊതു ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.11.2016 മുതൽ 10.11.2016 വരെ | 2016-17 ആദ്യ പകുതി | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.10.12- 2.11.12 | 2007-08 മുതൽ 11-12 വരെ | 13.02.2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് പഞ്ചായത്തിൽ നിന്ന് പെർമിറ്റ് വാങ്ങേണ്ടതും നിയമ പ്രകാരമുള്ള വസ്തു നികുതി ഈടാക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിലുള്ള മൊബൈൽ ടവറുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, ഈടാക്കിയ വസ്തു നികുതിയുടെ വിവരം എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/7.11.2016) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ടവറുകളുടെ അസസ്സ്മെന്റ് നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതായും നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ ടവറുകളുടെ സ്ഥല വിസ്തീർണ്ണം കണക്കിലെടുത്ത് നിയമ പ്രകാരമുള്ള വസ്തു നികുതി ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-2 വിമുക്തഭടന്മാരുടെ വസ്തുനികുതി ഇളവ്-നടപടിക്രമങ്ങൾ സംബന്ധിച്ച രേഖകളില്ല.

02-07-2013 ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 242/2013ത.സ്വ.ഭ.വ പ്രകാരം വിമുക്ത ഭടന്മാരുടെ 2000ച.അടിയിൽ കവിയാത്ത തറ വിസ്തീർണ്ണമുള്ള വീടിന് മാത്രമേ ഇളവിന് അർഹതയുള്ളൂ. ഇളവ് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും മറ്റൊരു കെട്ടിടത്തിനും ഇളവ് ലഭിക്കുന്നില്ലെന്ന സാക്ഷ്യപത്രം വാങ്ങേണ്ടതുമാണ്. വിമുക്തഭടന്റെ ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റിലോ സർവ്വീസ് രേഖയിലോ ഇളവ് വിവരം മുദ്ര വച്ച് നല്കണം. കൂടാതെ നികുതി ഇളവിനുള്ള അപേക്ഷ എല്ലാ സാമ്പത്തിക വർഷവും ഏപ്രിൽ 10 നകം പഞ്ചായത്തിൽ സമർപ്പിക്കണം. എന്നാൽ 2015-16 സാമ്പത്തിക വർഷം പഞ്ചായത്തിൽ വിമുക്തഭടന്മാർക്ക് നികുതി ഇളവ് നൽകിയപ്പോൾ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകളും, രജിസ്റ്ററുകളും ഓഡിറ്റിൽ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/7.11.2016) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ലഭിച്ച അപേക്ഷകൾ കണ്ടെത്തി ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. വിമുക്തഭടന്മാരുടെ വസ്തുനികുതി ഇളവ് സംബന്ധിച്ച നടപടി ക്രമങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നത് ഉറപ്പാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1) പി എച്ച് സി കലവൂർ എന്ന സ്ഥാപനത്തിലെ ജീവനക്കാരനായ ശ്രീ ഗോപാലകൃഷ്ണന്റെ ആദ്യപകുതിയിലെ ശമ്പളം 125934 /- രൂപയാണ്. ഇതനുസരിച്ച് ടിയാനിൽ നിന്നും 1250/- രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ഈടാക്കിയ നികുതി 1000 /- ആണ്. ശേഷിച്ച 250 /- രൂപ ടി വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്.

2) 2015-16 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനനികുതി ഒടുക്കിയിട്ടില്ല.

a) ഫെഡറൽ ബാങ്ക് മണ്ണഞ്ചേരി

b) കേരളാ ഗ്രാമീൺ ബാങ്ക്

c ) എസ് ബി ഐ, കലവൂർ

ടി സ്ഥാപനങ്ങളുടെ സ്ഥാപനനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 കുറഞ്ഞ വാടക ഈടാക്കുന്നത് സംബന്ധിച്ച്.

മണ്ണഞ്ചേരി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 40 കടമുറികളുണ്ട് ഈ കടമുറികൾക്ക് 350/- മുതൽ 450/- രൂപ വരെയാണ് പ്രതിമാസവാടക ഈടാക്കുന്നത്. എന്നാൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ ഒഴിഞ്ഞ് കിടന്നിരുന്ന 16-ാം നമ്പർ കടമുറി ലേലം ചെയ്യുകയും 4700/- രൂപ പ്രതിമാസ വാടകയ്ക്ക് മുഹമ്മദ്കുഞ്ഞ് എന്നയാൾക്ക് ലേലം ഉറപ്പിക്കുകയും ചെയ്തു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സമാനമായ മറ്റ് മുറികൾക്ക് വളരെ തുച്ഛമായ വാടകയാണ് വർഷങ്ങളായി ഈടാക്കുന്നത്. ഒരേതരം മുറികൾക്ക് വ്യത്യസ്ഥ നിരക്കിലുള്ള മാസവാടക ഈടാക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. മറ്റ് കടമുറികളുടെ വാടക കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 പെട്രോൾ പമ്പിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 (1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധ മായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. എന്നാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. ടി സ്ഥാപനം 2013-14 വർഷം വരെ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ, 14-15, 15-16 വർഷങ്ങളിൽ നോട്ടീസ് നൽകിയെങ്കിലും ഉയർന്ന ഫീസ് ആയതിനാൽ പഞ്ചായത്ത് കമ്മറ്റിക്ക് അപ്പീൽ നൽകിയിരിക്കുകയാണ് എന്ന മറുപടിയാണ് ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭിച്ചത്. അതിനാൽ ഈ സ്ഥാപനത്തിനെതിരെ സെക്ഷൻ 256 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പിഴപ്പലിശയടക്കം ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

## 2-6 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയില്ല

കെ.പി.ഡബ്ല്യു.എ കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ എം ഡി, മുതലായവ) മൂന്ന് വർഷം തുടർച്ചയായി ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും അത് പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക്

ചേർക്കാവുന്നതുമാണ്.

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2007-08 മുതൽ 2015-16 വരെ 999966/- രൂപ നിക്ഷേപമിനത്തിൽ നീക്കിയിരിപ്പുള്ളതായി കാണുന്നു. ടി നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | നീക്കിയിരുപ്പ് |
|---|---|
| 2007-08 | 31843 |
| 2008-09 | 14000 |
| 2009-10 | 9870 |
| 2010-11 | 35000 |
| 2011-12 | 13550 |
| 2012-13 | 41487 |
| 2013-14 | 154624 |
| 2014-15 | 320353 |
| 2015-16 | 379239 |
| ആകെ | 999966 |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - പദ്ധതി പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തത് സംബന്ധിച്ച്

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ താഴെ പറയുന്ന സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയ്ക്കായി 1618646/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി ഇലക്ട്രിസിറ്റി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | തുക | ഡി.ഡി. നം./ തീയതി |
|---|---|---|---|
| 1 | പനമൂട് വരേക്കാട് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (264/16) | 50000 | 12278/2.7.15 –17000/-, 12279/2.7.15 – 33000/- |
| 2 | സ്ട്രീറ്റ് ലൈറ്റ്- ലൈൻ എക്സ്റ്റൻഷൻ (17/2016) | 1568646 | 267443/3.2.16 – 1565000/-<br>92996/4.2.16 – 3646/- |
| | ആകെ | 1618646 | |

ഇലക്ട്രിസിറ്റി ബോർഡുമായി ചമച്ചിട്ടുള്ള കരാറിൽ പ്രവൃത്തികൾ യഥാക്രമം 2016 മാർച്ച് 31, ആഗസ്റ്റ് 31 ന് മുമ്പ് പൂർത്തീകരിക്കുന്നതാണെന്നും, പണികൾ പൂർത്തിയാക്കി 15 ദിവസത്തിനുള്ളിൽ ഫൈനൽ ബിൽ പകർപ്പ്, പെർഫോർമൻസ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരണം സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ഹാജരാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/7.11.2016) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നൽകുവാൻ ഇലക്ട്രിസിറ്റി ബോർഡിലേയ്ക്ക് കത്തയച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി പൂർത്തീകരണം സംബന്ധിച്ചുള്ള വിവരങ്ങൾ എത്രയും വേഗം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 തെരുവ് വിളക്ക് അറ്റകുറ്റപ്പണി- നിയമാനുസൃത നികുതികൾ ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി എന്ന പ്രവൃത്തി കരാറുകാരനായ ശ്രീ.അജിത് കുമാർ വർക്ക് കോൺട്രാക്റ്റ് എന്ന നിലയിൽ കരാർ വെച്ച് ഏറ്റെടുക്കുകയും

പ്രവൃത്തി പൂർത്തീകരിച്ച് താഴെപ്പറയും പ്രകാരം 732204/- രൂപ തൻവർഷം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

ബിൽ നം.01/15-16/19.6.15 - 142027/-

ബിൽ നം.12/15-16/31.8.15 - 147542/-

ബിൽ നം.28/15-16/29.2.16 - 315170/-

ബിൽ നം.40/15-16/30.3.16 - 127465/-

ആകെ – 732204/-

വാർഷിക മെയിന്റനൻസ് വർക്കുകൾ ആദായ നികുതി നിയമം 1961 ലെ 194 സി സെക്ഷനിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ നിയമാനുസൃത ആദായ നികുതി കിഴിവ് 1% നിരക്കിലും, കരാറുകാരൻ വർക്ക് കോൺട്രാക്റ്റ് എന്ന നിലയിൽ കരാർ വെച്ച് പ്രവർത്തി ഏറ്റെടുത്തിട്ടുള്ള സാഹചര്യത്തിൽ നിയമാനുസൃതമായി ഈടാക്കേണ്ട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതവും (1%) ഈടാക്കിയതിന് ശേഷം മാത്രമേ കരാറുകാരന് തുക നൽകാവൂ. ഇതനുസരിച്ച് കരാറുകാരനിൽ നിന്നും 14644/- രൂപ (732204/-രൂപയുടെ 2%) ഈടാക്കേണ്ടതായിരുന്നു. എന്നാൽ നികുതികൾ ഒന്നും ഈടാക്കാതെയാണ് ടിയാന് പെയ്മെന്റ് നൽകിയിട്ടുള്ളത്. ബില്ലിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനും, ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/8.11.2016) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ടി തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരന് അധികമായി നൽകിയ തുക തിരികെ ഈടാക്കി അതാത് ഹെഡുകളിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി --- മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്റ്റ് നം --- 293/2016

ചെലവ് തുക -- 75000 (ബിൽ നം 26/ 2015-16/ 30.3.2016)

നിർവ്വഹണം --- അസി. സെക്രട്ടറി

വിവിധ വാർഡുകളിലെ 19 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനായി 19,00,000 രൂപ വകയിരുത്തി തയ്യാറാക്കിയ പദ്ധതിയാണിത്. ഇതുപ്രകാരം തൻവർഷം പഠനമുറി നിർമ്മാണം ഭാഗികമായി പൂർത്തിയാക്കിയ രാജശേഖരൻ മകൻ അശ്വിൻരാജിന് 55000 രൂപയും കല്ലുചിറയിൽ ദിനേശൻ മകൾ ലക്ഷ്മി ദിനേശന് 20000 രൂപയും നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും 75000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവർ 2016-17 വർഷം പണി പൂർത്തീകരിച്ച് പരമാവധി തുകയായ ഒരുലക്ഷം രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്. ടി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

a)ഗുണഭോക്താക്കൾ നിർമ്മിക്കുന്ന പഠനമുറിയ്ക്ക് കുറഞ്ഞത് 120 ചതുരശ്ര അടി വിസ്തീർണ്ണം

ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ മേൽ പറയുന്ന വ്യക്തികൾ നിർമ്മിച്ചിട്ടുള്ള പഠനമുറികളുടെ വിസ്തീർണ്ണം 100 ചതുരശ്ര അടിയിൽ താഴെയാണ്.

b)പഠനമുറി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും നിർമ്മാണം പൂർത്തികരിക്കുന്ന മുറയ്ക്ക് അളവെടുക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിക്കാവുന്നതാണ്. എന്നാൽ ടി പഠനമുറികളുടെ അളവെടുക്കുന്നതിനുപകരം യഥാർത്ഥ ചെലവ് നിർണ്ണയിക്കാതെ പഠനമുറി നിർമ്മാണത്തിന് ഒരുലക്ഷം രൂപ ചെലവായിട്ടുണ്ടെന്നുള്ള അസി.എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാന ത്തിൽ തുക അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്.

c)പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതിന് ധനസഹായം ലഭിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല.

മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ ടി പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള പഠനമുറികൾക്ക് ഗുണഭോക്താക്കൾ സബ്സിഡി തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ആയതിനാൽ ഭാവിയിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് ടി പ്രോജക്റ്റ് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ജീവനക്കാരുടെ സ്ഥലംമാറ്റ ഇടവേളകളിൽ താല്ക്കാലിക ജീവനക്കാരെ ക്രമവിരുദ്ധമായി നിയമിക്കുന്നു

പഞ്ചായത്തിലെ സ്ഥിരം ജീവനക്കാർ സ്ഥലം മാറിപോകുന്നതിനെ തുടർന്ന് പകരം ആൾ വരുന്നതുവരെയുള്ള ഇടവേളകളിൽ പ്രസ്തുത സെക്ഷനിലെ ജോലി ചെയ്യുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ താല്ക്കാലിക നിയമനം നടത്തുകയും ഇവർക്ക് പ്രതിദിനം 400 രൂപ ക്രമത്തിൽ തനത് ഫണ്ടിൽ നിന്നും വേതനം നൽകുകയും ചെയ്തു വരുന്നു. ശ്രീമതി. പി ആനന്ദവല്ലി, ക്ലാർക്ക്, ശ്രീ പി രാജീവ്, സീനിയർ ക്ലാർക്ക് എന്നിവർ സ്ഥലം മാറി പോയതിനെ തുടർന്ന് പകരം ആൾ വരുന്നതുവരെ സെക്ഷനിലെ ജോലി ചെയ്യുന്നതിന് ശ്രീമതി ബിന്ദു, ശ്രീമതി ഹസീന എന്നിവരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | ജോലി ചെയ്ത കാലയളവ് | നൽകിയ തുക | വൗച്ചർ നം |
|---|---|---|---|---|
| 1 | ശ്രീമതി ബിന്ദു | 17.6.2015 മുതൽ 31.6.2015 വരെ 12 | 4800 | 21500181/ 10.6.2015 |

| | | | | |
|---|---|---|---|---|
| | | ദിവസം | | |
| 2 | ശ്രീമതി. ഹസീന | 4.6.2015 മുതൽ 23.6.2015 വരെ 16 ദിവസം | 6400 | 21500305/ 6.7.2015 |
| | ആകെ | | 11,200 | |

ഉദ്യോഗസ്ഥർ സ്ഥലം മാറി പോകുമ്പോൾ പകരം മറ്റൊരു ജീവനക്കാരൻ ചാർജെടുക്കുന്നതുവരെയുള്ള ചെറിയ കാലയളവിലേയ്ക്ക് ഒരു താല്കാലിക ജീവനക്കാരനെ നിയമിക്കുന്നത് ശരിയായ നടപടിയല്ല. ദിവസവും 100ൽ പരം അപേക്ഷകൾ ലഭിക്കുന്ന ഒരു പഞ്ചായത്താണിതെന്നും മുഴുവൻ ജീവനക്കാരും ഹാജരുള്ള സമയത്തുപോലും ജനങ്ങൾക്ക് കൃത്യമായ സേവനം നൽകുവാൻ കഴിയാറില്ലെന്നും സേവനം തടസ്സപ്പെടാതിരിക്കുവാനാണ് താല്കാലികമായി ആളെ നിയമിക്കുന്നതെന്നുമാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് മറുപടി നൽകിയത്. സെക്രട്ടറിയുടെ മറുപടി തൃപ്തികരമല്ല. ഒരു ജീവനക്കാരൻ സ്ഥലംമാറി പോകുന്നതു മൂലമുണ്ടാകുന്ന അധികജോലി താരതമ്യേന ജോലിഭാരം കുറവുള്ള മറ്റൊരു ജീവനക്കാരനെ ഏല്പിക്കുകയാണ് ചെയ്യേണ്ടത്. കൂടാതെ സർക്കാർ ഓഫീസിലെ ദൈനംദിന പ്രവർത്തനങ്ങളെപ്പറ്റി ധാരണയില്ലാത്ത ഒരു പുതിയ ആളെ വളരെ കുറച്ച് കാലയളവിലേയ്ക്ക് നിയമിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാകുകയില്ല. ഭാവിയിൽ ഇത്തരം ചെലവുകൾ ഒഴിവാക്കേണ്ടതാണ്.

## 3-5 പകൽ വീട് ഇലക്ട്രിഫിക്കേഷൻ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം - 23/16

നിർവ്വഹണം - സെക്രട്ടറി

കരാറുകാരൻ - ആർ.ഹരീഷ്.

ബിൽ നം. - 14/19.8.2015 – 24687/-

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ പകൽ വീട് ഇലക്ട്രിഫിക്കേഷൻ എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.

1. ഇലക്ട്രിഫിക്കേഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട് ചെയ്യേണ്ട പ്രവൃത്തികൾ (ഇനങ്ങൾ)

ഏതെല്ലാമെന്ന് നിശ്ചയിക്കുകയോ, പി.ഡബ്യൂ.ഡി ഇലക്ട്രിക്കൽ ഡിവിഷനിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി വാങ്ങുകയോ ചെയ്തിട്ടില്ല.

2. കരാറുകാരൻ നൽകിയിട്ടുള്ള ക്വട്ടേഷൻ (സാധന വില + ലേബർ ചാർജ്ജ്) പ്രകാരമാണ് തുക നൽകിയിട്ടുള്ളത്.

3. കരാറുകാരൻ ചെയ്ത പ്രവൃത്തികളുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തുകയോ, മൂല്യ നിർണ്ണയം നടത്തി ബിൽ തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

4. കരാറുകാരൻ ഗ്രാമ പഞ്ചായത്തുമായി കരാർ ചമച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ പാലിക്കേണ്ട നടപടി ക്രമങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/10.11.2016) സെക്രട്ടറി ഹാജരാക്കിയ മറുപടി തൃപ്തികരമല്ല. മരാമത്ത് പ്രവൃത്തികളിൽ നിയമ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പൊതുടാപ്പുകളുടെ വെള്ളക്കരം- ടാപ്പുകളുടെ എണ്ണം സംബന്ധിച്ച രേഖകളില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള377 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 12/2015 വരെ പ്രതിമാസം 1,64,938 രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിരുന്നത്. ഇത് 01/2016 മുതൽ 1,67,563 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇക്കാലയളവിൽ പുതിയ പൊതുടാപ്പുകൾ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചതിന്റെ രേഖകളൊന്നും പരിശോധനയ്ക്കായി ഹാജരാക്കിയില്ല. വെള്ളക്കരമിനത്തിൽ അധികമായി ഈടാക്കുന്ന തുക കുറവ് ചെയ്ത് കിട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അതുപോലെ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സംയുക്ത പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കാമെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഇതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ പ്രവർത്തനക്ഷമമായ ടാപ്പുകൾ ക്കാണോ വെള്ളക്കരം അടവാക്കുന്നതെന്ന് ഉറപ്പ് വരുത്താനാവുന്നില്ല. ആയതിനാൽ വാർഡ് തലത്തിലുള്ള പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി പ്രവർത്തന ക്ഷമമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടതാണ്.

## 3-7 തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കാലിത്തൊഴുത്ത് നിർമ്മാണം --- പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചില്ല

2015-16 വർഷം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 21-ാം വാർഡിലെ 9 ഗുണഭോക്താക്കൾക്ക് കാലിത്തൊഴുത്ത് നിർമ്മിച്ച നൽകിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കാലി തൊഴുത്തിന്റെ മേൽക്കൂര ഒഴിവാക്കി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം ഒരു കാലിത്തൊഴുത്തിന് 35000 രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. മേൽക്കൂര ഗുണഭോക്താവ് സ്വന്തം ചെലവിൽ നിർമ്മിക്കേണ്ടതാണ്.

ഫയൽ പരിശോധിച്ചതിൽ മൂന്ന് ഗുണഭോക്താക്കൾ ഇതുവരെ മേൽക്കൂര നിർമ്മാണം നടത്തിയിട്ടില്ല. ടി ഗുണഭോക്താക്കൾക്ക് തൊഴുത്ത് നിർമ്മാണത്തിനായി താഴെപറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

മുംതാസ് ഷാജി, വാഴച്ചിറയിൽ --- 26675/-

ജിഷമോൾ, കമ്പിയകത്തുവെളി --- 32681/-

ആറ്റ.വി.വി, വാഴച്ചിറയിൽ --- 32681/-

പദ്ധതി ആസൂത്രണത്തിലെ പാളിച്ച മൂലമാണ് ടി പ്രോജക്റ്റ് ഭൗതിക ലക്ഷ്യം കൈവരിക്കാതിരുന്നത്. മേൽക്കൂര നിർമ്മാണം നടത്തി കാലിത്തൊഴുത്ത് പൂർത്തീകരിക്കുന്നതാണ് എന്നുള്ള സമ്മതപത്രം ഗുണഭോക്താക്കളിൽ നിന്നും വാങ്ങിയിട്ടില്ല. ഗുണഭോക്തൃ വിഹിതം കൂടി ഉറപ്പാക്കി മേൽക്കൂര ഉൾപ്പെടെയുള്ള കാലിത്തൊഴുത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 സമഗ്ര നാളികേര കൃഷി --- ഗുണഭോക്താക്കൾക്ക് സബ്സിഡി തുക നൽകിയതിന്റെ രേഖകൾ ഹാജരാക്കാത്തതു സംബന്ധിച്ച്

ചെലവ് തുക – 5,00,000(ബിൽനം 5/2015-16/ 31.3.2016 )

സമഗ്ര നാളികേര കൃഷി (പ്രോജക്റ്റ് നം 65/2016) പദ്ധതിയുടെ ഭാഗമായി വിവിധ വാർഡുകളിലെ കേരകർഷകരുടെ കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റിയതിന് സബ്സിഡി നൽകുന്നതിനായി തെങ്ങൊന്നിന് 500/- രൂപ പ്രകാരം 500000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുക ബാങ്ക് മുഖേന ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകി യിട്ടും രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 500000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 പാലിയേറ്റീവ് കെയർ പദ്ധതി --- അപാകതകൾ

പാലിയേറ്റീവ് കെയർ പദ്ധതി --- അപാകതകൾ

2015-16 വർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി മണ്ണഞ്ചേരി) നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ (പ്രോജക്റ്റ് നം – 10/2016) പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

a) ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തീയതി 29.10.2015 അനുസരിച്ച് ഓരോ ഭവന സന്ദർശനവേളയിലും ഒരാൾക്ക് 60 രൂപ ക്രമത്തിൽ മൂന്നുപേർക്കായി 180 രൂപയാണ് ഭക്ഷണത്തിനായി ചെലവഴിക്കാവുന്നത്. എന്നാൽ ഇതിനു വിരുദ്ധമായി 11/2015 മുതൽ 03/2016 വരെ നടത്തിയ 44 ഭവന സന്ദർശനങ്ങൾക്കായി ആകെ 11,395 രൂപയാണ് ഭക്ഷണത്തിനായി ചെലവഴിച്ചിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം പ്രതിദിനം 180 രൂപ

ക്രമത്തിൽ 7920 രൂപയാണ് ചെലവഴിക്കാവുന്നത്. ഇതുമൂലം 3475 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. തുടർന്നുള്ള ഗൃഹസന്ദർശന വേളകളിൽ പാലിയേറ്റീവ് കെയർ മാർഗ്ഗരേഖയിലെ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

b) പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം കിടപ്പ് രോഗികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 26,061 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം നാളിതുവരെ ഉപകരണങ്ങൾ നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ഉപകരണങ്ങൾ എത്രയും വേഗം ലഭ്യമാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ എത്രയും വേഗം ലഭ്യമാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്. ചെലവഴിച്ച 26,061 (ബിൽ നം. 6/2015-16/ 28.3.2016) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) 2015-16 വാർഷിക കണക്കിലെ RP(43) പത്രിക പ്രകാരമുള്ള അരിയർ കളക്ഷൻ തുകകൾ മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള B(15) തുകകളുമായി പൊരുത്തപ്പെടുന്നില്ല. കിട്ടാനുണ്ടായിരുന്നതിനേക്കാൾ അധികം കിട്ടി എന്നാണ് രേഖപ്പെടുത്തൽ.

| 2015-16 വാർഷിക കണക്ക് RP(43) പ്രകാരം ലഭ്യമായ തുക | | 2014-15 വാർഷിക കണക്ക് B(15) പ്രകാരം കിട്ടാനുള്ളത് | |
|---|---|---|---|
| ഇനം | തുക | ഇനം | തുക |
| തൊഴിൽ നികുതി (കുടിശ്ശിക) | 18680 | തൊഴിൽ നികുതി (കുടിശ്ശിക) | 11835 |
| ഡി ആന്റ് ഒ (കുടിശ്ശിക) | 3750 | ഡി ആന്റ് ഒ (കുടിശ്ശിക) | 2500 |
| സർവ്വീസ് സെസ്സ് (കുടിശ്ശിക) | 74448 | സർവ്വീസ് സെസ്സ് (കുടിശ്ശിക) | 48932 |

(2) പഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ തൻവർഷത്തെ തൊഴിൽ നികുതി ഇനത്തിലുള്ള ഡിമാന്റ് തുകയും, കളക്ഷൻ തുകയും 2480000/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ ടി ഇനത്തിലുള്ള ആകെ ഡിമാന്റ് തുക 2478800/- രൂപയാണ്.

(3) കെട്ടിട നികുതിയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല (ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല).

(4) ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

(5) ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/തസ്വഭവ തീ:26.07.2011) നടപ്പാക്കിയിട്ടില്ല.

(6) ഗ്രാമ പഞ്ചായത്തിന്റെ ഹരിയാലി (1) അക്കൗണ്ടിലെ (എസ്.ബി.ഐ -കലവൂർ അക്കൗണ്ട് നം. 30291298827) 31.03.2016 ലെ പാസ് ബുക്ക് നീക്കിയിരുപ്പ് 2935763/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് 2821763/- രൂപയാണ്. പലിശ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ആര്യാട് ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 23000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 23000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2015-16 | 250000 | | 250000 | ഇല്ല |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | 12278/2.7.15<br>12279/2.7.15<br>267443/3.2.16<br>92996/4.2.16 | 1618646 | -- | 1618646 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

-- ഇല്ല ---

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ(സാ) നം.318/ 2010<br>ത.സ്വ.ഭ.വ, 28.1.2010 | 21562500 | 10781250 | 3656250 | -- | 7125000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

-- ഇല്ല --

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3123/- രൂപയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തീയതി |
|---|---|---|---|---|
| 2003-04 | ഖ-3-6 | 3123 | ശ്രീ.അബ്ദുൾ മജീദ്, കുന്നപ്പള്ളി | 11505103522/13.10.2015 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 69898742 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 83896510 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2144707 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 250 | -- | കെ.എസ്.ലാൽജി, സെക്രട്ടറി |

| | | | |
|---|---|---|---|
| ആകെ | 250 | -- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1618646 | സി.കെ ഷിബു, സെക്രട്ടറി- 1568646<br>കെ.എസ്. ലാൽജി, സെക്രട്ടറി- 50000/- |
| 3-8 | 5,00,000 | അനിത, കൃഷി ഓഫീസർ |
| 3-9 | 26,061 | ഡോ. സിമി എം.ടി, മെഡിക്കൽ ഓഫീസർ, അലോപ്പതി |
| ആകെ | 2144707 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 14644(7322/- ആദായനികുതി<br>7322/- ക്ഷേമനിധി<br>വിഹിതം) | സി.കെ.ഷിബു, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.എസ്.ലാൽജി, സെക്രട്ടറി | വിരമിച്ചു | കാട്ടുങ്കൽ, തുമ്പോളി.പി.ഒ, കൊമ്മാടി,ആലപ്പുഴ |
| സി.കെ ഷിബു, സെക്രട്ടറി | സെക്രട്ടറി, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | ചിറയിൽ, തത്തംപള്ളി, ആലപ്പുഴ |
| ഡോ. സിമി എം.ടി, മെഡിക്കൽ ഓഫീസർ അലോപ്പതി | -- | മുരിക്കുംമൂട്, കലവൂർ പി.ഒ, ആലപ്പുഴ. |
| അനിത, കൃഷി ഓഫീസർ | -- | സി-38, ക്വാർട്ടേഴ്സ്, കുന്നുംപുറം, കാക്കനാട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 96-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ.1-1832/11/30.01.12 |
| 2006-2007 | എൽ.എഫ്.ജി. എ.16-292/10/20.08.10/30.10.10 |

| | |
|---|---|
| 2007-2008 | എൽ.എഫ്.ജി.എ.16-293/10/20.08.10/30.10.10 |
| 2008-2009 | എൽ.എഫ്.ജി.എ.പി.9-1220/11/16.04.12/09.07.12 |
| 2009-2010 | എൽ.എഫ്.ജി.എ.പി.9-1221/11/16.04.12/09.07.12 |
| 2010-2011 | എൽ.എഫ്.ജി.എ.പി.9-1066/12/11.12.12/09.07.12 |
| 2011-2012 | എൽ.എഫ്.ജി.എ.പി.9-340/14/29.04.14/12.06.14 |
| 2012-2013 | കെ.എസ്.എ-എ.എ.പി.ഇസെഡ്/പി9-1037/15/1.9.15 |
| 2013-2014 | |
| 2014-2015 | കെ.എസ്.എ.എ.എൽ.പി-പി.13-781/16/15.7.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/പി3/1331/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി:23.11.2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന 4-1ഖണ്ഡികയിലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

No. KSA-ALP/P3/1331/16

Kerala State Audit Department,

District Audit Office, Alappuzha.

Date:23.11.2016.

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Mannancherry Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Mannancherry Gramapanchayat for the year 2015-16 except the observations in para 4-1 of my audit report properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Alappuzha.